4893
22/4/15

# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. 7397/ഉപ.സി3/2015/ഉഭപവ തിരുവനന്തപുരം, തീയതി : 20.04.2015

### പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - 2015 ജൂലൈ മാസം വരെയുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

2012 ജൂൺ 29 - ന് പ്രാബല്യത്തിൽ വന്ന നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് (വിവിധം) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപായി ടി റാങ്ക് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാനായി 2015 ജൂലൈ മാസം വരെ എൽ.ജി.എസ്. തസ്തികയിൽ വിവിധ വകുപ്പുകളിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും മുൻകൂറായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശം എല്ലാ വകുപ്പുമേധാവികളും കർശനമായി പാലിക്കേണ്ടതാണ്.

**ഇ. കെ. മാജി**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

A. Sm

സെക്ഷൻ ഓഫീസർ